## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### രോഗികളെ ബി.പി.എൽ ലിസ്റ്റിലേക്ക് മാറ്റുവാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2856

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മാറാരോഗം ബാധിച്ച് ജീവിച്ചുവരുന്ന രോഗികളെ എ.പി.എൽ ലിസ്റ്റിൽ നിന്നും ഉപാധികളില്ലാതെ ബി.പി.എൽ ലിസ്റ്റിലേക്ക് മാറ്റുവാൻ എന്ത് നടപടിയാണ് സ്വീകരിക്കേണ്ടത്; വിശദീകരിക്കുമോ; | (എ) & (ബി) | 27.04.2012-ലെ സർക്കാർ ഉത്തരവ് (കൈ) നം.112/2012/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം, ഒഴിവാക്കപ്പെടേണ്ട വിഭാഗത്തിൽ പെടാത്ത ഓട്ടിസം ബാധിച്ചവർ, മാനസികവും, ശാരീരികമായും വൈകല്യമുള്ളവർ, എയിഡ്സ്, ക്യാൻസർ രോഗികൾ, ഡയാലിസിസ്സിന് വിധേയരാകുന്നവർ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവർ ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട് ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. റേഷൻ കാർഡുകൾ എ.പി.എല്ലിൽ നിന്നും ബി.പി.എല്ലിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ പുതിയ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹതപ്പെട്ടവർക്കും ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം മാറ്റങ്ങൾ അതത് ജില്ലകളിൽ തന്നെ നിർവ്വഹിക്കുവാൻ ആവശ്യമായ അധികാരവും ക്രമീകരണവും വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ